"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ- ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീമതി. സൂസൻ റൂഫസ് ഫയൽ ചെയ്ത ഒ. എ. 289/2025 കേസിലെ 03/02/2025-ലെ അന്തിമവിധി നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.593/2025/LSGD തീയതി,തിരുവനന്തപുരം, 03-03-2025

---

പരാമർശം:-

1. സ.ഉ.(അച്ചടി)നം.12/99/P&ARD തീയതി 24/05/1999.
2. സ. ഉ. (അച്ചടി) നം. 151/2006/പൊ.ഭ.വ. തീയതി 31/05/2006
3. സ. ഉ. (കൈ) നം. 28/2024/GEDN തീയതി 05/03/2024(OA Annexure A3)
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 25/05/2024-ലെ LSGD/PD/17975/2024-DEC5 നമ്പർ നടപടിക്രമം (OA Annexure A5).
5. സ. ഉ. (കൈ) നം. 15/2025/GEDN തീയതി 25/01/2025 (OA Annexure A9)
6. ശ്രീമതി. സൂസൻ റൂഫസ് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് സമർപ്പിച്ച 01/02/2025-ലെ അപേക്ഷ (OA Annexure A10).
7. ശ്രീമതി. സൂസൻ റൂഫസ് പൊതുവിദ്യാഭ്യാ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് സമർപ്പിച്ച 01/02/2025-ലെ അപേക്ഷ (OA Annexure A11).
8. ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ 289/ 2025 നമ്പർ കേസിലെ 03/02/2025-ലെ അന്തിമ ഉത്തരവ്.
9. 22.02.2025 തീയതിയിലെ LSGD-ERB2/71/2023-LSGD നമ്പർ കത്ത്

**ഉത്തരവ്**

ചെറുകോട് ഗവണ്മെന്റ് ട്രൈബൽ എൽ.പി.എസിലെ പി.ടി.സി. എം ആയിരിക്കെ 17.10.2021-ൽ മരണപ്പെട്ട ജെ.റൂഫസിന്റെ മകൾ ശ്രീമതി.സൂസൻ റൂഫസിന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ഗ്രാമവികസന വകുപ്പിൽ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ തസ്തികയിൽ നിയമനം ലഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷ പൊതുവിദ്യാഭ്യാസ ഡയറക്ടറും തിരുവനന്തപുരം ജില്ലാ കളക്ടറും ശുപാർശ ചെയ്തതിനെ തുടർന്ന് പത്തനംതിട്ട ജില്ലയിൽ ഗ്രാമവികസന വകുപ്പിൽ നിലവിലുള്ളതോ ഇനി ഉണ്ടാകുന്നതോ ആയ വില്ലേജ്

എക്സ്റ്റെൻഷൻ ഓഫീസർ തസ്തികയിലെ ഒഴിവിൽ നിയമന അനുമതി നൽകിക്കൊണ്ട് പരാമർശം (3) പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്ന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന്, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (4) പ്രകാരമുള്ള നടപടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിലെ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ തസ്തികയിൽ ടിയാൾക്ക് നിയമനം നൽകുകയും ചെയ്തിരുന്നു.

എന്നാൽ പരാമർശം (1) (2) ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പൊതുഭരണ (സി. ഇ) സെല്ലിൽ തയ്യാറാക്കിയിട്ടുള്ള വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റിലെ സീനിയോറിറ്റിയെ അബദ്ധത്തിൽ മറികടന്ന്കൊണ്ടാണ് ടി നിയമനം നൽകിയതെന്ന് പിന്നീട് പൊതുവിദ്യാഭ്യാസ വകുപ്പ് തന്നെ കണ്ടെത്തിയതിനെ തുടർന്ന് പരാമർശം (5) പ്രകാരം പ്രസ്തുത വകുപ്പ് പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്തിരുന്നു. ഈ നടപടിയ്ക്ക് എതിരെ പരാമർശം (6) പ്രകാരം ടിയാൾ ഈ വകുപ്പിലും പരാമർശം (7) പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിലും അപേക്ഷ സമർപ്പിക്കുകയും, തുടർന്ന് ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ 289/ 2025 നമ്പർ കേസ് ഫയൽ ചെയ്യുകയുമുണ്ടായി. ടി കേസിൽ പരാമർശം (8) പ്രകാരം ബഹു. ട്രൈബ്യൂണൽ പുറപ്പെടുവിച്ച അന്തിമ വിധി ന്യായത്തിലെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു.

In the circumstances, the Original Application is disposed of directing the respondent concerned to consider and pass appropriate orders on Annexures A10 and A11 representations within one month from the date of receipt of a copy of this order.

ശ്രീമതി. സൂസൻ റൂഫസിന്റെ നിയമന ഉത്തരവ്, നിയമന ഉത്തരവ് റദ്ദാക്കി കൊണ്ടുള്ള ഉത്തരവ് ഉൾപ്പടെയുള്ള എല്ലാ നടപടികളും പൊതുവിദ്യാഭ്യാസ വകുപ്പാണ് കൈക്കൊണ്ടിട്ടുള്ളത് എന്നതിനാൽ പരാമർശം (8) പ്രകാരമുള്ള ബഹു. ട്രൈബ്യൂണൽ വിധിന്യായത്തിലെ മേൽ നിർദ്ദേശ പ്രകാരമുള്ള ഉചിതമായ തീരുമാനം കൈക്കൊള്ളുവാൻ പൊതുവിദ്യാഭ്യാസ വകുപ്പിന് മാത്രമേ കഴിയുകയുള്ളൂ. ആകയാൽ ഇക്കാര്യം പരാമർശം (9) പ്രകാരം ശ്രീമതി. സൂസൻ റൂഫസിനെ അറിയിച്ചിട്ടുണ്ട്. കൂടാതെ, ഇക്കാര്യം പൊതുവിദ്യാഭ്യാസ വകുപ്പിനെയും അഡ്വക്കേറ്റ് ജനറലിനെയും അറിയിക്കുകയും വിധിന്യായത്തിൽ ആവശ്യമായ നടപടികൾ സ്വീകരിയ്ക്കുവാൻ തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് ഇതിനോടകം നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

പരാമർശം (6) പ്രകാരമുള്ള ബഹു. ട്രൈബ്യൂണൽ വിധിന്യായത്തിലെ നിർദ്ദേശങ്ങൾ, മേൽ പരാമർശിച്ച പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് കൊണ്ട് ഇപ്രകാരം പാലിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

1) ശ്രീമതി.സൂസൻ റൂഫസ്, പ്ലാവറവിള മേലെ പുത്തൻവീട്, വിഴവൂർ, മലയം പി. ഒ, തിരുവനന്തപുരം -695 571

2) അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം(പുറം കത്ത് സഹിതം)

3) പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി

4) പൊതുവിദ്യാഭ്യാസ(എൻ) വകുപ്പ്

5) വെബ് & ന്യൂ മീഡിയ ഡിവിഷൻ ഡിപ്പാർട്ട്മെന്റ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

6) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Dipukumar S L
Date: 04-03-2025 21:54:54

സെക്ഷൻ ഓഫീസർ